പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12.10.2011-ൽ മറുപടി |
| ചോദ്യം നമ്പർ. 2806 | നൽകേണ്ടിയിരുന്നത് |

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ രജിസ്റ്റർ ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ; | എ. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപ്രദേശങ്ങളിലെ ഏതൊരു കുടുംബത്തിനും വാക്കാലോ, വെള്ളപേപ്പറിലോ, ഇതിനായുള്ള പ്രൊഫോർമയിലോ അപേക്ഷിക്കാം. തൊഴിൽ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ അപേക്ഷാ ഫോറങ്ങൾ അച്ചടിച്ച് എല്ലാ ഗ്രാമപഞ്ചായത്തിലും ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ തൊഴിലാളികളെ സഹായിക്കുന്നതിന് അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| ബി. | തൊഴിലിനായി അപേക്ഷ നലകുന്നവർക്ക് എത്ര ദിവസത്തിനകം തൊഴിൽനൽകും ; | ബി. | അപേക്ഷിക്കുന്നവർക്ക് 15 ദിവസത്തിനകം തൊഴിൽ നൽകുന്നു. |
| സി. | നിശ്ചിതസമയപരിധിക്കുള്ളിൽ തൊഴിൽ നൽകാൻ ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ; സമയ പരിധിക്കുള്ളിൽ തൊഴിൽ ലഭിച്ചില്ലായെന്ന് കാണിച്ച് എത്ര പരാതികൾ കഴിഞ്ഞ വർഷം ലഭിച്ചു ; ആയതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | സി. | അയൽകൂട്ടതലം മുതൽ ചർച്ച ചെയ്ത് തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മ പദ്ധതിയുടെയും അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ ഷെൽഫ് ഓഫ് പ്രോജക്ട്സ് മുൻകൂട്ടി തയ്യാറാക്കി ബ്ലോക്ക്/ജില്ലാ പഞ്ചായത്തു കളുടെ അംഗീകാരം വാങ്ങി വയ്ക്കുന്നു. (ഈ പ്രവൃത്തികൾക്ക് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഭരണാനുമതിയും ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതിയും നൽകുന്നു.) തൊഴിൽ ആവശ്യപ്പെടുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് ആവശ്യമായ പ്രവൃത്തി തെരഞ്ഞെടുക്കുന്നത് പ്രസ്തുത ഷെൽഫ് ഓഫ് പ്രോജക്ട്സിൽ നിന്നുമാണ്. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടാൽ 14 ദിവസത്തിനുള്ളിൽ തൊഴിൽ നൽകുന്നതിനുള്ള ഉത്തരവാദിത്വം രജിസ്ട്രേഷൻ ഓഫീസർ കൂടിയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേറ്റു മുഖേന തൊഴിൽ അനുവദിച്ച വിവരം തൊഴിലാളിയെ അറിയിക്കുന്നു. പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗിൽ, തൊഴിലാളികൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരണം നൽകുന്നതും പ്രവൃത്തികളുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതും ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയറാണ്. ഇക്കാര്യം ഉറപ്പു വരുത്തുന്ന തിനുള്ള ചുമതല, ബ്ലോക്ക്തലത്തിൽ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കാണ്. സമയബന്ധിതമായി തൊഴിൽ നൽകിയില്ലായെന്ന് കാണിച്ച് കൊല്ലം, കോട്ടയം, |

| | | | |
|---|---|---|---|
| | | | **പാലക്കാട് ജില്ലകളിലായി 83 പരാതികൾ ലഭിച്ചിട്ടുണ്ട് ഇതിൽ കൊല്ലം ജില്ലയിൽ ലഭിച്ച 74 പരാതികളും പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗിൽ പങ്കെടുക്കാത്ത തൊഴിലാളികളാണ് സമർപ്പിച്ചിട്ടുള്ള തെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. തുടർ ദിവസങ്ങളിൽ മറ്റ് പ്രവൃത്തികളിൽ തൊഴിലാളികൾക്ക് ജോലി നൽകി ഈ പരാതികൾ പരിഹരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ 4 പരാതികളും പാലക്കാട് ജില്ലയിൽ 5 പരാതികളും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിക്കാർക്ക് ഉടൻ തൊഴിൽ നൽകു ന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സ്വീകരിച്ചിട്ടുണ്ട്.** |
| ഡി. | പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ ചെയ്ത തൊഴിലാളിക്ക് എത്ര ദിവസത്തിനകം പ്രതിഫലം നൽകണമെന്നാണ് വ്യവസ്ഥ ; പ്രസ്തുത വ്യവസ്ഥ പാലിച്ചില്ലായെന്ന് കാണിച്ച് കഴിഞ്ഞവർഷം എത്ര പരാതി ലഭിച്ചു ; എത്ര ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | ഡി. | **തൊഴിലുറപ്പ് നിയമ പ്രകാരം, പണിയെടുത്ത തൊഴിലാളികൾക്ക് 7 ദിവസത്തിനകം അല്ലെങ്കിൽ പരമാവധി രണ്ടാഴ്ചയിലൊരിക്കൽ വേതനം നൽകണമെന്നാണ് വ്യവസ്ഥ. പ്രസ്തുത വ്യവസ്ഥ പാലിച്ചില്ലായെന്ന് കാണിച്ച് 91 പരാതികൾ ലഭിച്ചി ട്ടുണ്ട്. 10 ജീവനക്കാർക്കെതിരെയും 5 മേറ്റുമാർക്കെ തിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| ഇ. | സമയ പരിധിക്കുള്ളിൽ തൊഴിൽ നൽകുന്നതിനും വേതനം നൽകുന്നതിനും ബാധ്യതയുള്ള ഉദ്യോഗസ്ഥനാരാണ് എന്ന് അറിയിക്കുമോ ; | ഇ. | തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ തൊഴിൽ നൽകുന്നതിനും വേതനം നൽകുന്നതിനുമുള്ള ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേതാണ്. ഇക്കാര്യം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാർക്കും ജില്ലാ തലത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കുമാണ്. |
| എഫ്. | പ്രസതുത പദ്ധതിയുടെ നടത്തിപ്പിന് ഏതൊക്കെ വകുപ്പിലെ ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്; ഇതിനായി ഏതൊക്കെ വകുപ്പിൽ ഏതൊക്കെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | എഫ്. | തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് എന്നിവയിൽ നിന്നാണ് ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാരുടെ 65 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വയനാട്, പാലക്കാട് ജില്ലകളിലായി 16 ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാരെയും 8 ജില്ലകളിൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. സംസ്ഥാന തൊഴിലുറപ്പ് മിഷനിൽ 8 പ്രോഗ്രാം ഓഫീസറുടെയും താൽക്കാലിക തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ